Draft #58 of File 1089/AD.A V 5/2018/AD A V Approved by ASSISTANT REGISTRAR II (ADMIN) on 23-May-2025 11:26 AM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് (ഡിഎസ്എസ്) ന്റെ പേര് 'ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ' എന്ന് പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ച് - 13.05.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 4700/AD A 5/2025/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 23.05.2025

*പരാമർശം:-*(1) ഡിഎസ്എസ് ഡയറക്ടറുടെ അപേക്ഷ നം. 33212 /DSS 3 /2025 /DSS തീയതി 09 .04 .2025
(2) 09 .04.2025 തീയതിയിലെ വൈസ് ചാൻസിലറുടെ ഉത്തരവ് .
(3) 13.05.2025 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം മിനിറ്റ്സ് ഇനം നം. 57 /25 .04/33212 /DSS 3 /2025 ( 33212 /DSS 3 /2025)

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ന്റെ പേര് ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ എന്ന് പുനർനാമകരണം ചെയ്യുന്നത് വിദ്യാർത്ഥി ക്ഷേമത്തോടുള്ള സർവകലാശാലയുടെ പ്രതിബദ്ധത കൂടുതൽ ഉയർത്തുന്നതിനുള്ള ഒരു ചുവടുവെപ്പായും വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങളുടെ വർദ്ധിച്ചുവരുന്ന വ്യാപ്തിയും പ്രാധാന്യവും അനുസരിച്ചും വിദ്യാർത്ഥികളുടെ ക്ഷേമവും വികസനവും വർദ്ധിപ്പിക്കുന്നതിന് സർവകലാശാല വിഭാവനം ചെയ്യുന്ന സമഗ്രമായ സമീപനത്തെ പ്രതിഫലിപ്പിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ന്റെ പേര് ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ എന്ന് പുനർനാമകരണം ചെയ്യണമെന്ന് പരാമർശം (1) പ്രകാരം , ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ നൽകിയ അപേക്ഷ , തീരുമാനത്തിനായി പരാമർശം (2) പ്രകാരം സിണ്ടിക്കേറ്റിലേക്കു സമർപ്പിക്കുവാൻ വൈസ് ചാൻസിലർ ഉത്തരവായിരുന്നു.

പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സിണ്ടിക്കേറ്റിലേക്കു സമർപ്പിക്കുകയും 13.05.2025 തീയതിയിൽ കൂടിയ സിണ്ടിക്കേറ്റ് പരാമർശം (3 ) പ്രകാരം താഴെ സൂചിപ്പിക്കുന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി .

'അധിക തസ്തികകൾ നിർമ്മിച്ച് സർവകലാശാലയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകില്ല എന്നതിനാലും ,ദേശീയ കലോൽത്സവങ്ങളിൽ മറ്റു സർവകലാശാലകളുടെ ചുമതലക്കാരുടെ nomenclature -മായി സമപ്പെടുന്നതിനു വേണ്ടിയും Department of Student Services -നെ 'Directorate of Students' Welfare' എന്ന് പുന:നാമകരണം ചെയ്യുന്നതിന് തീരുമാനിച്ചു .'

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷൈലജ ടി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്
1. ശ്രീ. എബ്രഹാം കെ സാമുവേൽ , ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ
2. വി.സിയുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/സി. ഇ./ എഫ്. ഒ. എന്നിവരുടെ പി. എ. മാർ
4. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

5. എ. ആർ. II/ ഡി. ആർ. II/ ജെ. ആർ. I (ഭ.വി.)
6. ഓഡിറ്റ് / ഫിനാൻസ് / എ ഡി ഡി / ജനറൽ ക്യാഷ് / ഐ.ക്യൂ.എ.സി/ ഡി എസ് എസ്
7. ഫിനാൻസ് I/ എസി.സി. I&II സെക്ഷൻ/പി.ആർ.ഒ.
8. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #58 of File 1089/AD.A V 5/2018/AD A V Approved by ASSISTANT REGISTRAR II (ADMIN) on 23-May-2025 11:26 AM - Page 2